പതിനഞ്ചാം കേരള നിയമസഭ

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

ഒൻപതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(മത്സ്യഫെഡിന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

ഒൻപതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(മത്സ്യഫെഡിന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	-	v
ആമുഖം	-	vii
റിപ്പോർട്ട്	-	1.

സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീ. പി. പി. ചിത്തരഞ്ജൻ

അംഗങ്ങൾ :

ശ്രീ. എൻ.കെ. അക്ബർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ. കെ.ജെ. മാക്സി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ശശി

ശ്രീ. എം. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ 29-ാം തീയതി അന്തരിച്ചു.

ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026) യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സഹകരണ പ്രസ്ഥാനമാണ് മത്സ്യഫെഡ്. 1984-ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിന് ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കേരളത്തിന്റെ തീരദേശ മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ അധ്വാനത്തിന് അർഹമായ പ്രതിഫലം ഉറപ്പാക്കുന്നതിനൊപ്പം അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികൾ മത്സ്യഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മത്സ്യഫെഡിന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ സാമ്പത്തിക കാര്യക്ഷമത, ഭരണസുതാര്യത, ഫലപ്രാപ്തി എന്നിവ വിലയിരുത്തുന്നതിനും, മത്സ്യഫെഡിന്റെ നിലവിലെ പ്രവർത്തനരീതികളും ഭാവിസാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ആവശ്യമായ പരിഷ്കാരങ്ങൾ നിർദേശിക്കുന്നതിനുമായി മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ 07-11-2018 ലെ സമിതി യോഗം തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 04-09-2023-ന് മത്സ്യബന്ധന തുറമുഖ വകുപ്പിലെയും മത്സ്യഫെഡിലെയും ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചകളിൽ നിന്നു ലഭ്യമായ വിവരങ്ങളുടെയും വിഷയവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ വിവരങ്ങളിന്മേൽ സർക്കാരിൽ നിന്നു ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, സമിതിയുടെ ശിപാർശകളും നിർദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 5

പി. പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

റിപ്പോർട്ട്

കേരളത്തിന്റെ തീരദേശ സമ്പദ്വ്യവസ്ഥയുടെയും ഭക്ഷ്യസുരക്ഷയുടെയും അവിഭാജ്യ ഘടകമാണ് മത്സ്യത്തൊഴിലാളി സമൂഹം. മത്സ്യ ഉൽപാദനം, അനുബന്ധ വ്യവസായങ്ങൾ, കയറ്റുമതി വരുമാനം എന്നിവയിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിൽ ഇവർ നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. എന്നാൽ, സംസ്ഥാനം കൈവരിച്ച പൊതുവായ വികസന മുന്നേറ്റങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ, ഈ വിഭാഗത്തിന്റെ ജീവിതനിലവാരവും ഉപജീവന സുരക്ഷയും ഇന്നും ഏറെ പിന്നോക്ക മാണെന്നത് ഒരു വസ്തുതയാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കടൽക്ഷോഭങ്ങളുടെ വർധനവും തീരക്കയറ്റവും മത്സ്യബന്ധനത്തെ അത്യന്തം അപകടകരമായ ഒരു തൊഴിലായി മാറ്റിയിരിക്കുന്നു. അതോടൊപ്പം, വിദേശ ട്രോളറുകളുടെ അനധികൃത കടന്നുകയറ്റവും കപ്പൽ ചാനലുകൾ സൃഷ്ടിക്കുന്ന സുരക്ഷാ ഭീഷണികളും മത്സ്യലഭ്യതയിലെ ഗണ്യമായ കുറവും ഈ മേഖലയെ വലിയ പ്രതിസന്ധിയിലാക്കുന്നു. ഇത്തരം പ്രതികൂല ഘടകങ്ങൾ മത്സ്യത്തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ കുറയ്ക്കുകയും അവരുടെ വരുമാനത്തിൽ വലിയ അസ്ഥിരതയുണ്ടാക്കുകയും ചെയ്യുന്നു. ആധുനിക സാങ്കേതികവിദ്യകളും യന്ത്രസംവിധാനങ്ങളും മത്സ്യബന്ധന മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരുമ്പോഴും, ഭൂരിഭാഗം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആവശ്യമായ ധനസഹായവും വായ്പാ സൗകര്യങ്ങളും ലഭിക്കാത്തതിനാൽ പുതിയ സാങ്കേതികവിദ്യകളിലേക്ക് മാറാൻ സാധിക്കാത്തത് അവരെ കൂടുതൽ സാമ്പത്തിക പരാധീനത കളിലേക്കും ഇടനിലക്കാരുടെ ചൂഷണത്തിലേക്കും നയിക്കുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഈ ദുരവസ്ഥയ്ക്ക് അറുതി വരുത്താൻ സമഗ്രമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. മത്സ്യത്തൊഴിലാളി കളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും മേഖല നേരിടുന്ന വെല്ലുവിളികൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തു ന്നതിനും സർക്കാർ തലത്തിലും പൊതുസമൂഹത്തിലും ക്രിയാത്മകമായ

പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ശാസ്ത്രീയമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയും കൃത്യമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കിയും മാത്രമേ തീരദേശ ജനതയെ നിലവിലുള്ള പ്രതിസന്ധികളിൽ നിന്ന് കരകയറ്റാനും അവർക്ക് മാന്യമായ ജീവിതസാഹചര്യം പ്രദാനം ചെയ്യുവാനും സാധിക്കുകയുള്ളൂ.

2. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതാവശ്യങ്ങൾ കൂട്ടായ്മയിലൂടെ നിറവേറ്റുന്നതിനും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നിർണായകമായ പങ്കാണ് വഹിച്ചുവരുന്നത്. മത്സ്യബന്ധന മേഖലയുടെ വികസനത്തിന് ആവശ്യമായ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് കേരളത്തിൽ ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 1917-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ മുൻകൈ എടുത്തുവെങ്കിലും, പ്രാരംഭ ഘട്ടത്തിൽ രൂപീകരിക്കപ്പെട്ട സംഘങ്ങൾ പ്രധാനമായും ഒരു പ്രത്യേക മതത്തിന്റെയോ സാമൂഹിക വിഭാഗത്തിന്റെയോ നിയന്ത്രണത്തിലായിരുന്നു എന്നത് ഒരു പരിമിതിയായിരുന്നു. 1933 ഓടെ ഏതാണ്ട് 95-ഓളം സംഘങ്ങൾ നിലവിൽ വന്നെങ്കിലും, വ്യാപാരികളുടെയും ഇടനിലക്കാരുടെയും ചൂഷണങ്ങളിൽ നിന്ന് സാധാരണക്കാരായ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ അവ പര്യാപ്തമായിരുന്നില്ല. 1934-ൽ തിരുവിതാംകൂർ സർക്കാർ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു പ്രത്യേക സഹകരണ അന്വേഷണ സമിതിയെ (Co-operative Enquiry Committee) നിയോഗിക്കുകയും. ദേശീയ സഹകരണ പ്രസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ സ്വതന്ത്ര പങ്കാളിത്തം ഉറപ്പാക്കണമെന്ന് ഈ സമിതി ശക്തമായി വാദിക്കുകയും, സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. 1950-കളിൽ ഇന്ത്യയുടെ ദേശീയ സഹകരണ നയങ്ങളിൽ മത്സ്യബന്ധന മേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിന് ഈ സമിതിയുടെ ശുപാർശകൾ വലിയ തോതിൽ വഴിതെളിച്ചുവെന്നാണ് വിലയിരുത്തപ്പെടുന്നത്. 1956-ലെ സംസ്ഥാന പുനഃസംഘടനയ്ക്ക് ശേഷം, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന ഫിഷറീസ് വകുപ്പ് പ്രത്യേക താല്പര്യമെടുത്തു. സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ 1976-ൽ ഒരു പ്രത്യേക

അന്വേഷണ സമിതി രൂപീകരിക്കുകയും ഈ സമിതി മത്സ്യത്തൊഴിലാളി സഹകരണരംഗത്തെ പ്രവർത്തന ദൗർബല്യങ്ങളും പരാജയങ്ങളും ആഴത്തിൽ പഠിക്കുകയും ആവശ്യമായ പരിഷ്കാരങ്ങൾ നിർദേശിക്കുകയും ചെയ്തു. 1976-ലെ സമിതി റിപ്പോർട്ട് പിന്നീട് മത്സ്യത്തൊഴിലാളി സഹകരണ രംഗത്ത് ഘടനാപരമായ വമ്പിച്ച പരിഷ്കാരങ്ങൾ നടത്തുവാൻ സർക്കാരിനെ പ്രേരിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും മത്സ്യോല്പന്ന വിപണനവും ശക്തിപ്പെടുത്താൻ ഒരു സംസ്ഥാനതല അപ്പെക്സ് ഫെഡറേഷൻ അനിവാര്യമായി വന്ന സാഹചര്യത്തിലാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്) രൂപംകൊള്ളുന്നത്.

3. മത്സ്യഫെഡിന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ സാമ്പത്തിക കാര്യക്ഷമത, ഭരണസുതാര്യത, ഫലപ്രാപ്തി എന്നിവ വിലയിരുത്തുന്നതിനും, മത്സ്യഫെഡിന്റെ നിലവിലെ പ്രവർത്തനരീതികളും ഭാവിയിലേക്കുള്ള സാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ആവശ്യമായ പരിഷ്കാരങ്ങൾ നിർദേശിക്കുന്നതിനുമായി മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 04-09-2023-ന് മത്സ്യബന്ധന തുറമുഖ വകുപ്പിലെയും മത്സ്യഫെഡിലെയും ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചകളിൽ നിന്നു ലഭ്യമായ വിവരങ്ങളുടെയും വിഷയവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ വിവരങ്ങളിന്മേൽ സർക്കാരിൽ നിന്നു ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, സമിതിയുടെ ശിപാർശകളും നിർദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

4. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് കേരളത്തിന്റെ തീരദേശത്തെ പ്രാഥമിക മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങളുടെ ഫെഡറേഷൻ ആയി രൂപംകൊണ്ട സ്ഥാപനമാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് അഥവാ മത്സ്യഫെഡ്. 1969-ലെ കേരള ഫിഷറീസ് സൊസൈറ്റീസ് ആക്ട് പ്രകാരം 1984 മാർച്ച് 19-നാണ് ഈ അപ്പെക്സ് ഫെഡറേഷൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. മത്സ്യത്തിന്റെയും

മത്സ്യ ഉൽപ്പന്നങ്ങളുടെയും ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ വിവിധ മേഖലകളിൽ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സമഗ്രമായ വികസനം ഉറപ്പാക്കുക എന്നതാണ് സംഘടനയുടെ പ്രധാന ലക്ഷ്യം.

5. സംസ്ഥാനത്തെ 702 പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള ബൃഹത്തായ ഒരു ശൃംഖലയാണിത്. ഇതിൽ 355 കടലോര സംഘങ്ങളും, 213 ഉൾനാടൻ സംഘങ്ങളും, 134 വനിതാ സംഘങ്ങളും ഉൾപ്പെടുന്നു. നാല് ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾ ഈ സംഘങ്ങളിൽ അംഗങ്ങളാണ്. ഭരണപരമായ സൗകര്യത്തിനായി ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ സംഘങ്ങളെ 52 ക്ലസ്റ്ററുകളായി തിരിച്ചിരിക്കുന്നു. ഈ ക്ലസ്റ്റർ സംവിധാനം വഴി ഗ്രാമീണ തലത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കാൻ സാധിക്കുന്നു.

6. മത്സ്യഫെഡിന്റെ ഭരണപരമായ ഘടന വ്യക്തവും വ്യവസ്ഥാപിതവുമാണ്. നിലവിൽ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ നിയന്ത്രണത്തിലുള്ള ഭരണനിർവ്വഹണത്തിൽ മാനേജിംഗ് ഡയറക്ടർ മുഖ്യ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായി പ്രവർത്തിക്കുന്നു. ഫെഡറേഷന്റെ പ്രവർത്തനങ്ങളെ ആസൂത്രണം, പദ്ധതി നിർവ്വഹണം, മേൽനോട്ടം, അവലോകനം എന്നിങ്ങനെ എട്ട് പ്രധാന വിഭാഗങ്ങളായി ക്രമീകരിച്ചിട്ടുണ്ട്. പേഴ്സണൽ വിഭാഗത്തിന് പേഴ്സണൽ മാനേജരും മറ്റു വിഭാഗങ്ങൾക്ക് ഡെപ്യൂട്ടി ജനറൽ മാനേജർമാരുമാണ് നേതൃത്വം നൽകുന്നത്.

7. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനായി ഒൻപത് കടലോര ജില്ലകളിലും ഉൾനാടൻ ജില്ലയായ കോട്ടയത്തുമായി പത്ത് ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മാനേജരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘമാണ് ജില്ലാതല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഏറ്റവും താഴെത്തട്ടിൽ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിനായി പ്രോജക്ട് ഓഫീസർമാരെ നിയോഗി ച്ചിട്ടുണ്ട്. തീരദേശത്തെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും

പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഈ പ്രോജക്റ്റ് ഓഫീസർമാർ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

8. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും സഹകരണ സംഘങ്ങളുടെ ശക്തിപ്പെടുത്തലും ലക്ഷ്യമാക്കി മത്സ്യഫെഡ് നിരവധി പദ്ധതികളും ധനകാര്യ പ്രവർത്തനങ്ങളും വിജയകരമായി നടപ്പിലാക്കി വരുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC), ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC) മുതലായ കേന്ദ്ര ഏജൻസികളുടെ ധനസഹായമാണ് ഈ പ്രവർത്തനങ്ങൾക്ക് പ്രധാന സാമ്പത്തിക അടിത്തറയായി വർത്തിക്കുന്നത്. NCDC യുടെ സാമ്പത്തിക സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ, പ്രവർത്തന മൂലധന വായ്പ എന്നിവ നൽകിവരുന്നതോടൊപ്പം സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും നടപ്പാക്കുന്നു. NBCFDC, NMDFC എന്നിവയുടെ സാമ്പത്തിക പിന്തുണയോടെ സ്വയം സഹായ ഗ്രൂപ്പുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങളിലെ വനിതകൾക്കും മൈക്രോഫിനാൻസ് വായ്പ, സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയും വിതരണം ചെയ്തു വരുന്നു.

9. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനോടൊപ്പം, മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പകരം പെട്രോൾ എഞ്ചിനുകളോ എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകളോ സ്ഥാപിക്കുന്ന പദ്ധതിയും മത്സ്യഫെഡ് നടപ്പിലാക്കുന്നു. പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (PMMSY) പദ്ധതിയുടെ ഭാഗമായി സംസ്ഥാന ത്തുടനീളം 17 പ്രധാന പദ്ധതികൾ നടപ്പിലാക്കുകയും ഫിഷ് കിയോസ്കുകൾ, ഫിഷ് മാർട്ടുകൾ തുടങ്ങിയ വിപണന സംവിധാനങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. RIDF പദ്ധതിയുടെ സഹായത്തോടെ മൂല്യവർധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഐസ് പ്ലാന്റുകൾ, ഇൻസുലേറ്റഡ് വാഹനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന കോൾഡ് ചെയിൻ, അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുകയും വിതരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതിയിലൂടെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക പരിരക്ഷയും സുരക്ഷയും ഉറപ്പാക്കപ്പെടുന്നു. കൂടാതെ ഐസ് പ്ലാന്റുകൾ, ഫിഷ് ബൂത്തുകൾ, ബേസ് സ്റ്റേഷനുകൾ,

ഡീസൽ/മണ്ണെണ്ണ ബങ്കുകൾ, യാൺ ട്വിസ്റ്റിംഗ് യൂണിറ്റുകൾ, നെറ്റ് ഫാക്ടറി അന്തിപച്ച പദ്ധതി (ഫിഷ് മൊബൈൽ മാർട്ട്) തുടങ്ങി സഹകരണ മേഖലയുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും സമഗ്ര വികസനത്തിനു സഹായകരമായ നിരവധിയായ വികസന പദ്ധതികൾ മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വ്യാപകമായി നടപ്പാക്കി വരുന്നു.

10. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും മത്സ്യവ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനുമായി നിലകൊള്ളുന്ന മത്സ്യഫെഡ് വിവിധ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും, ആധുനിക മത്സ്യമേഖല നേരിടുന്ന പുതിയ വെല്ലുവിളികളും മാറുന്ന ആവശ്യകതകളും പരിഗണിക്കുമ്പോൾ, സംഘടനയുടെ പ്രവർത്തനരീതികളിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ മാറുന്ന സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വനിതകളുടെയും യുവജനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കൽ, തൊഴിൽപരമായ നൈപുണ്യ വികസനം, സംരംഭകത്വ പ്രോത്സാഹനം എന്നിവയിൽ ഊന്നിയുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കൂടാതെ, പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നത് ഈ പ്രസ്ഥാനത്തിന്റെ അടിത്തറ ശക്തിപ്പെടുത്താൻ സഹായിക്കും. വിപണന ശൃംഖലയുടെ ശാക്തീകരണം, ഡിജിറ്റലൈസേഷൻ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, സുരക്ഷാ-ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സംയോജിതമായി നടപ്പിലാക്കുക വഴി മാത്രമേ മത്സ്യഫെഡിനെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിതനിലവാരം ഗണ്യമായി ഉയർത്തുന്ന ഒരു മാതൃകാ സ്ഥാപനമായി വികസിപ്പിക്കാൻ സാധിക്കൂ.

11. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അനിവാര്യതയെക്കുറിച്ചും അവ പ്രദാനം ചെയ്യുന്ന ബഹുമുഖഗുണഫലങ്ങളെക്കുറിച്ചും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കിടയിൽ കൃത്യമായ അവബോധം സൃഷ്ടിച്ചുകൊണ്ട്, സഹകരണ പ്രസ്ഥാനത്തെ സമഗ്രമായി ശാക്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ കൈവരുന്ന സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങളെക്കുറിച്ചുമുള്ള കൃത്യമായ അറിവില്ലായ്മ ഇന്നും ഈ മേഖലയിൽ ഒരു പ്രധാന വെല്ലുവിളിയായി തുടരുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇതുമൂലം ഒട്ടനവധി മത്സ്യത്തൊഴിലാളികൾ ഇപ്പോഴും ഇത്തരം സംഘടനാപരമായ സംവിധാനങ്ങളുടെ ഭാഗമാകാതെ വിട്ടുനിൽക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതിന്റെ ഫലമായി, സർക്കാരും മത്സ്യഫെഡും വിഭാവനം ചെയ്യുന്ന വിവിധങ്ങളായ ക്ഷേമപദ്ധതികളുടെയും ആനുകൂല്യങ്ങളുടെയും ഗുണഫലങ്ങൾ അർഹരായ പലരിലേക്കും എത്തുന്നില്ല എന്നത് ഗൗരവതരമായ ഒരു പ്രശ്നമാണ്. കേവലം സാമ്പത്തിക സഹായങ്ങൾക്കപ്പുറം, ഒരു കൂട്ടായ ഐക്യം കെട്ടിപ്പടുക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുമുള്ള കരുത്തായി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ, ഓരോ മത്സ്യത്തൊഴിലാളിയെയും ഈ പ്രസ്ഥാനത്തിന്റെ ഭാഗമാക്കുന്നതിനും അവരിൽ ശക്തമായ സംഘടനാ ബോധവും അവകാശബോധവും വളർത്തുന്നതിനും മുൻഗണന നൽകേണ്ടതുണ്ട്. <u>സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വങ്ങൾ, അംഗത്വമെടുക്കുന്നതിലൂടെ ലഭിക്കുന്ന പ്രായോഗിക ഗുണഫലങ്ങൾ, സർക്കാർ ക്ഷേമപദ്ധതികളുമായുള്ള ബന്ധം തുടങ്ങിയവ ലളിതവും പ്രായോഗികവുമായ രീതിയിൽ മത്സ്യത്തൊഴിലാളികളിലേക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ വ്യവസ്ഥാപിതവും ക്രമബദ്ധവുമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

12. സംസ്ഥാനത്തെ തീരദേശ മേഖലയുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിൽ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി മത്സ്യഫെഡ് പ്രാഥമിക സഹകരണ സംഘങ്ങളുമായി കൂടുതൽ ഏകോപിതമായ രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. നിലവിൽ പല പ്രദേശങ്ങളിലും പ്രാഥമിക സംഘങ്ങൾ പ്രവർത്തനരഹിതമായിരിക്കുന്നത് വായ്പാ വിതരണത്തെയും സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഭരണസമിതികളുടെ കാലാവധി പുതുക്കുന്നതിലെ വീഴ്ചകൾ, സാമ്പത്തിക ക്രമക്കേടുകൾ,

പ്രവർത്തനച്ചെലവ് കണ്ടെത്താനാവാത്ത വിധത്തിലുള്ള സാമ്പത്തിക പരാധീനതകൾ എന്നിവയാണ് പല സഹകരണ സംഘങ്ങളുടെയും പ്രവർത്തനം നിലച്ചുപോകാൻ കാരണമായതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം പിഴവുകൾ മൂലം സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നത് തികച്ചും ഗൗരവതരമായ വിഷയമാണ്. പുനരുജ്ജീവിപ്പിക്കാൻ സാധ്യമായ സംഘങ്ങളെ കണ്ടെത്തി അവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം, ആധുനിക ഉപകരണങ്ങൾ, മറ്റ് പ്രോത്സാഹനങ്ങൾ എന്നിവ നൽകി മികച്ച സംഘങ്ങളായി മാറ്റുന്നതിന് മത്സ്യഫെഡിനു കഴിയും. ഇത്തരം സംഘങ്ങളിൽ നിയമാനുസൃതമായ ഭരണസമിതികൾ നിലവിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനൊപ്പം, അവയുടെ പ്രവർത്തനം സുതാര്യവും കുറ്റമറ്റതുമാക്കാൻ ആവശ്യമായ മാർഗനിർദ്ദേശങ്ങളും മേൽനോട്ടവും മത്സ്യഫെഡ് നൽകേണ്ടതുണ്ട്. അതിനാൽ, പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിനും, അവയിൽ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്ന സംഘങ്ങളെ കണ്ടെത്തി ആവശ്യമായ നടപടികളോടെ മുന്നോട്ട് പോകുന്നതിനുമായി മത്സ്യഫെഡ് തലത്തിൽ ഒരു പ്രത്യേക കമ്മിറ്റിയെ അടിയന്തരമായി നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ടി കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് ശേഷം പുനരുജ്ജീവിപ്പിക്കാൻ കഴിയാത്തതായി കണ്ടെത്തുന്ന സഹകരണ സംഘങ്ങളെ നിയമാനുസൃതമായി ലിക്വിഡേറ്റ് ചെയ്ത്, അവയിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികളെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മറ്റ് സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കുന്നതിനുള്ള സംവിധാനവും മത്സ്യഫെഡ് രൂപപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. പ്രവർത്തനരഹിതമായതിനാൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾക്ക് പകരം ബദൽ സംവിധാനങ്ങളില്ലാത്ത മത്സ്യഗ്രാമങ്ങളിൽ, പുതിയ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിത മാണെന്ന് സമിതി വിലയിരുത്തുന്നു. സഹകരണ സംഘങ്ങളുടെ അഭാവം മത്സ്യഗ്രാമങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക അസ്ഥിരത വർദ്ധിപ്പിക്കുകയും, സ്വകാര്യ പണമിടപാടുകാരെയും ഇടനിലക്കാരെയും കൂടുതൽ ആശ്രയിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. ഈ പശ്ചാത്തലത്തിൽ, നിലവിലുള്ള മത്സ്യബന്ധന സാധ്യതകൾ, മത്സ്യത്തൊഴിലാളികളുടെ എണ്ണം, പ്രദേശത്തെ

പ്രവർത്തനസാദ്ധ്യതകൾ എന്നിവ സമഗ്രമായി വിലയിരുത്തി, മറ്റ് സഹകരണ സംഘങ്ങളുടെ സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞുകൊണ്ട്, അവിടങ്ങളിൽ പുതിയ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് മത്സ്യബന്ധന തുറമുഖ വകുപ്പും മത്സ്യഫെഡും സംയുക്തമായി മുൻകൈ എടുക്കേണമെന്ന് സമിതി നിർദ്ദേശിക്കുന്നു പുതുതായി രൂപീകരിക്കുന്ന ഇത്തരം സഹകരണ സംഘങ്ങൾക്ക് മത്സ്യഫെഡിൽ സമയബന്ധിതമായി അഫിലിയേഷൻ അനുവദിക്കുന്നതിലൂടെ, സർക്കാർ പദ്ധതികൾ, സാമ്പത്തിക സഹായങ്ങൾ, വിപണന സംവിധാനങ്ങൾ എന്നിവ ഫലപ്രദമായി മത്സ്യത്തൊഴിലാളികളിലേക്കെത്തിക്കാൻ സാധിക്കും. അതിനാൽ, മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ സുരക്ഷ ഉറപ്പാക്കുന്നതിനായി, സഹകരണ സംവിധാനമില്ലാത്ത തീരദേശ മേഖലകളിൽ പുതിയ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കാനും, അത്തരം സംഘങ്ങൾക്ക് മത്സ്യഫെഡിൽ സമയബന്ധിതമായി അഫിലിയേഷൻ അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നതിനും, സേവന നിർവഹണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യേണ്ടത് അനിവാര്യമാണ്. നിലവിൽ നിരവധി സംഘങ്ങൾ ഭാഗികമായി ഡിജിറ്റൽ സംവിധാനങ്ങളിലേക്ക് മാറിയിട്ടുണ്ടെങ്കിലും, അവയുടെ പ്രവർത്തനങ്ങളിൽ ഒരു ഏകീകൃത സ്വഭാവം ഇല്ലാത്തത് ഭരണപരമായ കാര്യക്ഷമതയെയും വിവരശേഖരണത്തെയും സാരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, എല്ലാ സംഘങ്ങളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ കഴിയുന്ന രീതിയിലുള്ള ഒരു കേന്ദ്രീകൃത കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കുകയോ നിലവിലുള്ള സോഫ്റ്റ്‌വെയറുകൾ എകീകരിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഡിജിറ്റലൈസേഷൻ വിജയകരമാകാൻ തദ്ദേശീയ സംഘങ്ങളിൽ ആവശ്യമായ ഐ.ടി. അടിസ്ഥാനസൗകര്യങ്ങൾ (കമ്പ്യൂട്ടർ,

പ്രിന്റർ, ഇന്റർനെറ്റ് കണക്റ്റിവിറ്റി) ഉറപ്പാക്കുകയും, തീരദേശങ്ങളിലെ നെറ്റ്‌വർക്ക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടെലികോം സംവിധാനങ്ങളുമായി ഏകോപനം നടത്തുകയും വേണം. പൂർണ്ണമായ ഡിജിറ്റലൈസേഷൻ നടപ്പിലാകുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിക്കുകയും മത്സ്യഫെഡിൽ നിന്നുള്ള സബ്സിഡികൾ, മറ്റ് ക്ഷേമ പദ്ധതി ധനസഹായങ്ങൾ എന്നിവ ഇടനിലക്കാരില്ലാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറാൻ സാധിക്കുകയും ചെയ്യും. കൂടാതെ, ഓരോ സഹകരണ സംഘത്തിലെയും സ്റ്റോക്ക് വിവരങ്ങളും ലേലക്കണക്കുകളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്നത് വിപണിയിലെ വിലവ്യതിയാനങ്ങൾ വിശകലനം ചെയ്യാനും ശാസ്ത്രീയമായ വിപണന തന്ത്രങ്ങൾ രൂപപ്പെടുത്താനും മത്സ്യഫെഡിനെ സഹായിക്കും. അതിനാൽ, മത്സ്യഫെഡിന്റെ കീഴിലുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടെയും ഭരണസംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനാവശ്യമായ സാങ്കേതികവും ഭരണപരവുമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് മത്സ്യഫെഡിനോട് സമിതി ശിപാർശ ചെയ്യുന്നു.

15. മത്സ്യഫെഡിനു കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗത്വ വിവരങ്ങളെ സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം തീരദേശ ക്ഷേമപ്രവർത്തനങ്ങളുടെ ആസൂത്രണത്തിൽ വലിയൊരു തടസ്സമായി നിലനിൽക്കുന്നുണ്ട്. നിലവിൽ എത്ര മത്സ്യത്തൊഴിലാളികൾ ഈ സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ടെന്ന കാര്യത്തിൽ വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തത് സർക്കാർ ആനുകൂല്യങ്ങളുടെ സുതാര്യമായ വിതരണത്തെ ദോഷകരമായി ബാധിക്കുന്നു. മത്സ്യത്തൊഴിലാളി സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ ഗൗരവമായി ബാധിക്കുന്ന പ്രധാന വെല്ലുവിളികളിലൊന്നായി ദ്വയാംഗത്വവും (Dual Membership) നിലനിൽക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ഒരേ മത്സ്യത്തൊഴിലാളി ഒരേസമയം ഒന്നിലധികം പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗത്വം നിലനിർത്തുന്നത് വഴി ക്ഷേമപദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഒരാൾ തന്നെ ആവർത്തിച്ച് കൈപ്പറ്റുന്നതിനും, അർഹരായ മറ്റ് തൊഴിലാളികൾക്ക് പദ്ധതികളുടെ ഗുണഫലം നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു.

സാധാരണ നിലയിൽ ഒരു സംഘത്തിലെ അംഗങ്ങൾ അതിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നവരായിരിക്കേണ്ടതും, മറ്റ് സംഘങ്ങളിൽ പുതിയ അംഗത്വം എടുക്കുമ്പോൾ മുൻ അംഗത്വം സ്വാഭാവികമായി റദ്ദാക്കപ്പെടേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള ദ്വയാംഗത്വം കണ്ടെത്താനോ തടയാനോ ഉള്ള ഫലപ്രദമായ സാങ്കേതിക സംവിധാനങ്ങൾ നിലവിൽ മത്സ്യഫെഡിന്റെ പക്കലില്ല എന്നത് സമിതി ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ആധാർ പോലുള്ള ആധികാരിക തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് അംഗങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ മാത്രമേ ഈ മേഖലയിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനും പദ്ധതികളുടെ സുതാര്യത ഉറപ്പാക്കാനും സാധിക്കുകയുള്ളൂ. അതിനാൽ, ദ്വയാംഗത്വം തിരിച്ചറിയുന്നതിനും പൂർണ്ണമായും ഒഴിവാക്കുന്നതിനുമായി ആധാർ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ ഒരു അംഗത്വ മാനേജ്മെന്റ് സിസ്റ്റം (Centralised Membership Management System) കൂടി ഡിജിറ്റലൈസേഷന്റെ ഭാഗമായി മത്സ്യഫെഡ് അടിയന്തരമായി വികസിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. മത്സ്യമേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അക്കൗണ്ടിംഗ് സംവിധാനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ സഹകരണ സംഘങ്ങളിൽ ഉപയോഗിച്ചുവരുന്ന അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുകൾ കാര്യക്ഷമവും സുതാര്യവും അല്ലാത്തതിനാൽ, സാമ്പത്തിക ഇടപാടുകൾ ശരിയായി നിരീക്ഷിക്കുന്നതിലും കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും തടസ്സങ്ങൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, എല്ലാ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെയും അക്കൗണ്ടുകൾ പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുകയും, കേന്ദ്രീകൃതമായി സാമ്പത്തിക ഇടപാടുകളും അക്കൗണ്ടിംഗ് വിവരങ്ങളും മോണിറ്റർ ചെയ്യാൻ സാധിക്കുന്ന സംവിധാനം നടപ്പിലാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അതിനാൽ, എല്ലാ സഹകരണ സംഘങ്ങളെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്ന രീതിയിൽ ഒരു കേന്ദ്രീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ

ഡിജിറ്റലൈസേഷൻ പ്രക്രിയയുടെ ഭാഗമായി വികസിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. കടലിന്റെ അനിശ്ചിതത്വങ്ങളോടും പ്രകൃതിക്ഷോഭങ്ങളോടും മല്ലിട്ട് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം അതീവ അപകടസാധ്യത നിറഞ്ഞതാണ്. ബോട്ട് അപകടങ്ങൾ മൂലമുള്ള ജീവഹാനിയും ഉപകരണങ്ങളുടെ നാശനഷ്ടങ്ങളും അവരുടെ കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു. ഈ സാഹചര്യത്തിൽ മത്സ്യഫെഡ് നടപ്പിലാക്കുന്ന ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് വലിയൊരു സുരക്ഷാകവചമാണ്. എങ്കിലും തീരദേശ ഗ്രാമങ്ങളിൽ ഈ പദ്ധതിയെക്കുറിച്ച് നിലനിൽക്കുന്ന അവബോധക്കുറവ് വലിയൊരു പോരായ്മയായി അവശേഷിക്കുന്നു. വാർഷിക പ്രീമിയമായി 500 രൂപ അടച്ചുകൊണ്ട് മത്സ്യബന്ധന ഉപകരണങ്ങൾ ഉൾപ്പെടെ ഇൻഷ്വർ ചെയ്യാൻ സാധിക്കുമെന്നിരിക്കെ, പലരും ഇതിൽ പങ്കാളികളാകുന്നില്ല എന്നത് അപകടസമയത്ത് ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങൾ അവർക്ക് നഷ്ടമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നു. ഈ വിഷയം അതീവ ഗൗരവതരമാണെന്ന് സമിതി നിരീക്ഷിക്കുന്നു. അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നത് ഓരോ മത്സ്യത്തൊഴിലാളിയുടെയും അവകാശവും ഉത്തരവാദിത്വവുമാണ് എന്ന അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രചരണ പ്രവർത്തനങ്ങൾ മത്സ്യഫെഡ് നടത്തേണ്ടതുണ്ട്. അതിനാൽ, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യബന്ധന തുറമുഖ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ മത്സ്യഫെഡ് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും ടി പദ്ധതിയുടെ ഗുണങ്ങളും ആനുകൂല്യങ്ങളും വിശദീകരിക്കുന്ന പാംഫ്‌ലറ്റുകൾ, പോസ്റ്ററുകൾ, എന്നിവയ്ക്ക് പുറമെ സോഷ്യൽ മീഡിയ വീഡിയോകൾ, റേഡിയോ-ടിവി പരസ്യങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വ്യാപകമായ പ്രചാരണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. ബോട്ടപകടങ്ങളിലൂടെയോ മറ്റ് അപകടങ്ങളിലൂടെയോ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഇൻഷുറൻസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിക്കുന്ന ഹർജികളിൽ ഭൂരിഭാഗത്തിലും, മരണപ്പെട്ട വ്യക്തി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായതിനാൽ ബോർഡ് മുഖേനയുള്ള ഇൻഷുറൻസ് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്നും, മത്സ്യഫെഡിന്റെ അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗമല്ലാത്തതിനാൽ പ്രസ്തുത പദ്ധതിയിലൂടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നുമുള്ള റിപ്പോർട്ടുകളാണ് സർക്കാർ തലത്തിൽ നിന്നും ലഭിക്കുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ എല്ലാവരും മത്സ്യഫെഡിന്റെ അപകട ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന യാഥാർത്ഥ്യം ഈ മേഖലയിലെ ഒരു പ്രധാന പോരായ്മയായി സമിതി ചൂണ്ടിക്കാട്ടുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് സർക്കാർ നേരിട്ട് പ്രീമിയം അടച്ച് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നുണ്ട്. ഇതിന് സമാനമായ വ്യവസ്ഥകളോടെയാണ് മത്സ്യഫെഡും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെങ്കിലും. കേവലം ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ മാത്രമാണ് മത്സ്യഫെഡ് പ്രവർത്തിക്കുന്നത് തൊഴിലാളികൾ തന്നെ പ്രീമിയം തുക കണ്ടെത്തേണ്ടി വരുന്നതിനാൽ നിരവധി മത്സ്യത്തൊഴിലാളികൾ ഈ സുരക്ഷാ പദ്ധതിയിൽ നിന്ന് വിട്ടുനിൽക്കുന്ന സാഹചര്യം നിലനിൽക്കുന്നു. മത്സ്യത്തൊഴിലാളി കളെ അപകട ഇൻഷുറൻസ് പദ്ധതിയിലേക്ക് ആകർഷിക്കുന്നതിന് സാമ്പത്തികമായ ഒരു കൈത്താങ്ങ് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളോടൊപ്പം മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന അപകട ഇൻഷുറൻസ് പദ്ധതി എല്ലാ മത്സ്യത്തൊഴിലാളികളിലേക്കും കൂടുതൽ കാര്യക്ഷമമായി എത്തിക്കുന്നതിന് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ സജീവ ഇടപെടൽ അനിവാര്യമാണ്. മത്സ്യത്തൊഴിലാളികളുമായി നേരിട്ട് ബന്ധമുള്ള സ്ഥാപനങ്ങളെന്ന നിലയിൽ, തങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ തൊഴിലാളികളെയും മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഇൻഷുറൻസ് പ്രീമിയം തുക ഒരുമിച്ച് അടയ്ക്കുന്നതിനുള്ള സാമ്പത്തിക ശേഷി പലപ്പോഴും സാധാരണ

മത്സ്യത്തൊഴിലാളികൾക്കില്ലാത്ത സാഹചര്യം പരിഗണിച്ച്, ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന പ്രീമിയം തുക പലിശരഹിത വായ്പയായി അനുവദിക്കുകയും, അതിനെ രണ്ടോ മൂന്നോ ഗഡുക്കളായി തിരിച്ചുപിടിക്കുന്ന രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതും ഉചിതമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗത്വമുള്ള എല്ലാ സഹകാരികളെയും മത്സ്യഫെഡിന്റെ വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതിയിൽ നിർബന്ധമായും അംഗങ്ങളാക്കുന്നതിന് സംഘം സെക്രട്ടറിമാർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും സാമ്പത്തിക ശേഷി കുറഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റം അത്യന്താപേക്ഷിതമാണെങ്കിലും, ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗം ഇന്നും വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. പ്രത്യേകിച്ച് എഞ്ചിനീയറിംഗ്, മെഡിസിൻ, നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ സാന്നിധ്യം താരതമ്യേന കുറവാണെന്ന കാര്യം സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇതിന് പ്രധാന കാരണമായി, ഉയർന്ന വിദ്യാഭ്യാസ ചെലവുകളും അവ താങ്ങാൻ കഴിയാത്തവിധത്തിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക പരിമിതികളുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. മത്സ്യഫെഡിന് നിലവിൽ പ്രത്യേക വിദ്യാഭ്യാസ വായ്പാ പദ്ധതിയില്ലെന്നും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിനായി പിന്നാക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി) എന്നിവ മുഖേന നടപ്പിലാക്കുന്ന പൊതുവായ വായ്പാ പദ്ധതികളിലൂടെയാണ് വായ്പ ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം സംവിധാനങ്ങളിലൂടെ വായ്പ

നേടുന്നത് പലപ്പോഴും സങ്കീർണ്ണമായ പ്രക്രിയയാണ്. വാണിജ്യ ബാങ്കുകൾ പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടെങ്കിലും, ആവശ്യമായ ഈട് നൽകാൻ കഴിയാത്തതിനാൽ അർഹരായ നിരവധി വിദ്യാർത്ഥികൾക്ക് വായ്പ ലഭിക്കാതെ പോകുന്ന സാഹചര്യം നിലനിൽക്കുന്നതായും, കൂടാതെ നിലവിലുള്ള വായ്പകളിലെ ഉയർന്ന പലിശഭാരം സാധാരണ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താങ്ങാനാവുന്നതിലും അപ്പുറമാണെന്നും സമിതി വിലയിരുത്തുന്നു. 2012-ലെ പ്ലസ് ടു പരീക്ഷയിൽ 93 ശതമാനം മാർക്കോടെ മികച്ച വിജയം നേടിയ നിർദ്ധന മത്സ്യത്തൊഴിലാളി കുടുംബാംഗമായ ബാലസ്വരൂപ് എന്ന വിദ്യാർത്ഥി വിദ്യാഭ്യാസ വായ്പ ലഭിക്കുമെന്ന പ്രതീക്ഷയിൽ പരിയാരം മെഡിക്കൽ കോളേജിൽ Pharm-D കോഴ്സിൽ പ്രവേശനം നേടിയെങ്കിലും, ബാങ്ക് വായ്പ ലഭിക്കാതിരുന്നതിനാൽ പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നതും, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനായി വർഷങ്ങൾക്കുശേഷം സമിതിയെ സമീപിക്കുകയും സമിതിയുടെ ഇടപെടലിലൂടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്ത സംഭവം ഈയൊരു ദുരവസ്ഥയുടെ നേർച്ചിത്രമാണ്. മേൽ സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പകൾ പഠന കാലാവധി പൂർത്തിയാകുന്നതു വരെയെങ്കിലും പലിശരഹിതമായി അനുവദിക്കേണ്ടതും വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതും ഈട് സംബന്ധിച്ച നിബന്ധനകളിൽ ആവശ്യമായ ഇളവുകൾ നൽകേണ്ടതും അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ മത്സ്യഫെഡ് മുഖേന "വിദ്യാഭ്യാസ വായ്പ" എന്ന പേരിൽ ഒരു പ്രത്യേക വിദ്യാഭ്യാസ വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഉന്നതവിജയം കരസ്ഥമാക്കിയ മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് ചേരുന്നതിനായി വ്യക്തിഗത ഗ്യാരന്റികൾക്ക് (Surety) പകരം മത്സ്യഫെഡിന്റെ തന്നെ ഗ്യാരന്റിയോടുകൂടി ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ കൂടി ഗൗരവമായി പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

20. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മത്സ്യോൽപ്പന്ന കയറ്റുമതിക്ക് നിർണായക സ്ഥാനമാണുള്ളത്. സമുദ്രവിഭവങ്ങളിൽ നിന്ന് വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ആഗോള വിപണിയിൽ എത്തിക്കുന്നതിൽ മത്സ്യഫെഡ് നിലവിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. കൊച്ചിയിലെ തോപ്പുംപടിയിലുള്ള പ്ലാന്റിൽ നിന്ന് വിവിധയിനം മത്സ്യവിഭവങ്ങളും കറിക്കൂട്ടുകളും വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിലൂടെ പ്രതിവർഷം ശരാശരി 40 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ വിറ്റുവരവ് ലഭിക്കുന്നുണ്ടെന്നത് ഈ മേഖലയിലെ വളർച്ചാ സാധ്യതകളെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ, കയറ്റുമതി സൗകര്യങ്ങൾ കൊച്ചിയിൽ ലഭ്യമാണ് എന്ന കാരണത്താൽ ആ മേഖലയിൽ മാത്രം പ്രവർത്തനം പരിമിതപ്പെടുത്തുന്നത് ഉചിതമല്ലെന്നും മറ്റ് ജില്ലകളിൽ കൂടി മൂല്യവർദ്ധിത മത്സ്യവിഭവങ്ങളുടെ ഉല്പാദനവും വിപണനവും വ്യാപിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടത് അനിവാര്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഇപ്പോൾ പ്രവർത്തനക്ഷമമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്, പ്രകൃതിദത്തമായ ആഴം, അത്യാധുനിക ട്രാൻസ്ഷിപ്പ്മെന്റ് ശേഷി, ലോകോത്തര ലോജിസ്റ്റിക്സ് സംവിധാനങ്ങൾ എന്നിവയുള്ളതിനാൽ, മത്സ്യോല്പന്നങ്ങളുടെ അന്താരാഷ്ട്ര വിപണിയുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കാനുള്ള അപൂർവ്വ സാധ്യതകൾ തുറന്നുകിട്ടിയിട്ടുണ്ട്. ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ കേരളത്തിലെ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കാനും കയറ്റുമതി ചെലവ് കുറയ്ക്കാനും സാധിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള വലിയ ചരക്കുക്കപ്പലുകൾ വിഴിഞ്ഞത്ത് എത്തുന്നതിനാൽ വിപണിയുടെ വ്യാപ്തി വർദ്ധിപ്പിക്കാനുള്ള സുവർണ്ണാവസരമാണ് കൈവന്നിരിക്കുന്നത്. കയറ്റുമതിക്കായി വിഴിഞ്ഞം തുറമുഖം ഉപയോഗപ്പെടുത്തുന്നത് മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ വിപണിവ്യാപ്തി വർദ്ധിപ്പിക്കും. അതിനാൽ, <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി, തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം കേന്ദ്രമാക്കി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ഒരു മത്സ്യസംഭരണ/ മത്സ്യ സംസ്കരണ/ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ പ്ലാന്റ് സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

21. ദീർഘകാലമായി കേരളത്തിലെ കടലോര മേഖലയിൽ നടക്കുന്ന മത്സ്യലേലങ്ങളുടെ മേൽനോട്ട ചുമതല മത്സ്യഫെഡ് നിർവഹിച്ചുവരികയാണ്.

മത്സ്യലേലങ്ങൾക്കുപുറമെ, പ്രാഥമിക മത്സ്യസഹകരണ സംഘങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും ആവശ്യമായ ഐസ് വിതരണം, മത്സ്യോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ഉൾപ്പെടെയുള്ള വിവിധ അനുബന്ധ സേവനങ്ങളും മത്സ്യഫെഡ് ഉറപ്പാക്കുന്നുണ്ട്. ലേലപ്രക്രിയയിലൂടെ ലഭിക്കുന്ന കമ്മീഷൻ വരുമാനമാണ് മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്കും അടിസ്ഥാനമായ പ്രധാന സാമ്പത്തിക സ്രോതസ്സ്. അസിസ്റ്റൻസ് ടു ഫിഷർഫോക്ക് ഡെവലപ്മെന്റ് പ്രോഗ്രാം (AFDP), മൈക്രോ ഫിനാൻസ് തുടങ്ങിയ വായ്പാ പദ്ധതികളുടെ നടത്തിപ്പും തിരിച്ചടവും ഈ വരുമാനത്തെ ആശ്രയിച്ചാണ് കാര്യക്ഷമമായി നടന്നു വരുന്നത്. എന്നാൽ, 2021-ലെ കേരള മത്സ്യസംഭരണവും വിതരണവും ഗുണനിലവാര പരിപാലനവും ആക്ട് പ്രാബല്യത്തിൽ വന്നതോടെ ഈ സംവിധാനത്തിൽ ഗണ്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നിയമപ്രകാരം, മത്സ്യലേലങ്ങൾ ഇനിമുതൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ, ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികൾ അല്ലെങ്കിൽ ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾ എന്നിവയുടെ മേൽനോട്ടത്തിലായിരിക്കും നടക്കുക. വിൽപ്പന തുകയുടെ അഞ്ച് ശതമാനം വരെ ലേല കമ്മീഷനായി ഈടാക്കാൻ നിയമം അനുവദിക്കുന്നുണ്ടെങ്കിലും, ഈ തുക ലേലക്കാർ, മത്സ്യത്തൊഴിലാളികൾ, ബന്ധപ്പെട്ട മാനേജ്മെന്റ് സൊസൈറ്റികൾ, ലേലത്തിൽ പങ്കെടുക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവർക്കിടയിൽ വിഭജിച്ചു നൽകാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പുതിയ നിയമം പൂർണമായി നടപ്പിലാകുന്നതോടെ മത്സ്യഫെഡിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാന സ്രോതസ്സ് നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും, അത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിരതയെയും പ്രവർത്തന തുടർച്ചയെയും ഗുരുതരമായി ബാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യഫെഡിന്റെ സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ലേല കമ്മീഷനിൽ നിന്ന് നിശ്ചിത വിഹിതം മത്സ്യഫെഡിന് ഉറപ്പാക്കുന്ന തരത്തിൽ 2021-ലെ കേരള മത്സ്യസംഭരണവും വിതരണവും ഗുണനിലവാര പരിപാലനവും ആക്ടിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഏകദേശം 590 കിലോമീറ്റർ നീളമുള്ള കടൽത്തീരവും ഇരുന്നൂറിലധികം മത്സ്യബന്ധനഗ്രാമങ്ങളുമുള്ള കേരളത്തിൽ, മത്സ്യബന്ധന പ്രവർത്തനങ്ങളുടെ ഭാഗമായി വർഷംതോറും വലിയ അളവിൽ നൈലോൺ വലകൾ ഉപയോഗശൂന്യമാകുന്നുണ്ട്. ശരിയായ സംസ്കരണ സംവിധാനങ്ങളുടെ അഭാവത്തിൽ ഇവ പലപ്പോഴും കടലിലോ തീരപ്രദേശങ്ങളിലോ ഉപേക്ഷിക്കപ്പെടുകയാണ് പതിവ്. ഇത്തരത്തിൽ തള്ളപ്പെടുന്ന വലകൾ സമുദ്ര ആവാസവ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിനും വലിയ ഭീഷണിയാണ് ഉയർത്തുന്നത്. പ്ലാസ്റ്റിക് മാലിന്യ വർദ്ധനവിനും തീരമലിനീകരണത്തിനും കാരണമാകുന്ന ഈ സാഹചര്യം പരിഹരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തിക്കൊണ്ടുള്ള നൈലോൺവല പുനരുപയോഗ ഫാക്ടറികൾ സംസ്ഥാനത്ത് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം സംരംഭങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനൊപ്പം വലിയ തോതിലുള്ള തൊഴിൽ സാധ്യതകളും വാഗ്ദാനം ചെയ്യുന്നു. തീരപ്രദേശങ്ങളിലെ ഉപയോഗശൂന്യമായ വലകൾ ശേഖരിക്കുക, അവ തരംതിരിക്കുക, ശുദ്ധീകരിക്കുക തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ പ്രാദേശിക മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും യുവാക്കൾക്കും മികച്ച തൊഴിലവസരങ്ങൾ നൽകാൻ ഈ പദ്ധതിയിലൂടെ സാധിക്കും. അതിനാൽ കേരളത്തിന്റെ തീരദേശ പരിസ്ഥിതി സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക പുരോഗതിക്കും ഉതകുന്ന രീതിയിൽ, ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉപയോഗശൂന്യമായ നൈലോൺ വലകൾ പുനരുപയോഗത്തിനായി സജ്ജമാക്കുന്ന ഫാക്ടറികൾ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. മത്സ്യത്തൊഴിലാളി സഹകരണ മേഖലയുടെ സുസ്ഥിരമായ വളർച്ചയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനായി മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും ശക്തിപ്പെടുത്തുക എന്നത് അത്യന്താപേക്ഷിതമാണ്. നിലവിലെ വിപണി സാഹചര്യങ്ങളിൽ, പരമ്പരാഗത വിപണന രീതികൾക്കപ്പുറം ആധുനിക സാങ്കേതികവിദ്യയുടെയും ബ്രാൻഡിംഗിന്റെയും സാധ്യതകൾ ഫലപ്രദമായി വിനിയോഗിച്ചാൽ മാത്രമേ ഈ മേഖലയ്ക്ക് ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായി

മുന്നേറാൻ സാധിക്കുകയുള്ളൂ. മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സംഘങ്ങൾ നിർമ്മിക്കുന്ന മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ, ഒരേ ബ്രാൻഡിന്റെ കീഴിൽ വിപണിയിൽ അവതരിപ്പിക്കുന്നത് ഉപഭോക്താക്കൾക്കിടയിൽ വിശ്വാസ്യതയും ഗുണനിലവാരത്തെക്കുറിച്ചുള്ള ഉറപ്പും സൃഷ്ടിക്കാൻ സഹായകരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, മത്സ്യഫെഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളും സ്ഥാപനങ്ങളും നിർമ്മിക്കുന്ന മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ വിപണനം കാര്യക്ഷമവും ഏകോപിതവുമാക്കുന്നതിനായി, സംസ്ഥാനതലത്തിൽ ഒരു "കോമൺ ബ്രാൻഡ് നെയിം" രൂപപ്പെടുത്തണമെന്ന് മത്സ്യഫെഡിനോട് സമിതി ശിപാർശ ചെയ്യുന്നു.

24. മത്സ്യഫെഡിന്റെ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ നിലവിലെ വിപണി സാഹചര്യത്തിൽ കൂടുതൽ മത്സരാധിഷ്ഠിതമാകുന്നതിനും ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗങ്ങളിലൊന്ന് ഓൺലൈൻ വിപണന സംവിധാനം തന്നെയാണ്. ഉപഭോക്താക്കളുടെ വാങ്ങൽ ശീലം ഡിജിറ്റൽ മേഖലയിൽ മാറിക്കൊണ്ടിരിക്കുന്നതും, ഭക്ഷ്യ ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങൾക്കും ആപ്പുകളിലൂടെ നേരിട്ടുള്ള ഹോം ഡെലിവറി സേവനങ്ങൾക്ക് ഉയർന്ന പ്രതികരണം ലഭിക്കുന്നതും ഇതിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നു. നിലവിൽ മത്സ്യഫെഡ് ഉല്പന്നങ്ങൾ 'K-shoppe' പോലുള്ള പൊതുവായ പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാണെങ്കിലും, വൈവിധ്യമാർന്ന മറ്റ് ബ്രാൻഡുകൾക്കിടയിൽ മത്സ്യഫെഡിന്റെ ഉല്പന്ന ശ്രേണി വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകാൻ സാധ്യതയുണ്ട്. ഭക്ഷ്യഉല്പന്നങ്ങൾ വീട്ടുപടിക്കൽ നേരിട്ട് എത്തിക്കുന്ന ഓൺലൈൻ സേവനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ഉയർന്ന സ്വീകാര്യത മത്സ്യഫെഡ് ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനാൽ നിലവിലുള്ള ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകളുമായി സഹകരണത്തിനുള്ള സാധ്യതകൾ കൂടി മത്സ്യഫെഡ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മത്സ്യഫെഡിന്റെ ഉൽപ്പന്നങ്ങൾക്ക് മാത്രമായി മൊബൈൽ ആപ്പും വെബ് പോർട്ടലും ഉൾപ്പെട്ട സ്വതന്ത്ര ഓൺലൈൻ വിപണന പ്ലാറ്റ്ഫോം വികസിപ്പിക്കുന്നത് വിപണന തന്ത്രങ്ങൾക്ക് ശക്തമായ പിന്തുണ നൽകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ

<u>മത്സ്യഫെഡിന്റെ കീഴിലുള്ള മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഓൺലൈൻ വിപണനം സാധ്യമാക്കുന്നതിന് സമ്പൂർണ്ണമായ ഒരു ഓൺലൈൻ വിപണന പ്ലാറ്റ്ഫോം/ആപ്പ് വികസിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

25. ഗുണമേന്മയുള്ള മത്സ്യോൽപ്പന്നങ്ങൾ വിശ്വസനീയമായ രീതിയിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിൽ മത്സ്യഫെഡ് നിർണായക പങ്ക് വഹിച്ചുവരുന്നു. വിവിധ ജില്ലകളിലെ ഔട്ട്‌ലെറ്റുകൾ, വ്യാസാ സ്റ്റോറുകൾ, ബേസ് സ്റ്റേഷനുകൾ, ഫിഷ് മാർട്ടുകൾ തുടങ്ങിയവ മുഖേന മത്സ്യഫെഡ് ഉൽപ്പന്നങ്ങളുടെ വിപണനം ഫലപ്രദമായി നടന്നുവരുന്നുണ്ടെങ്കിലും, ഉൽപ്പന്നങ്ങളുടെ വിപണനവ്യാപ്തി വർധിപ്പിക്കുന്നതിനും സ്ഥിരമായ വിൽപ്പന ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങളോടൊപ്പം പുതിയ വിതരണ മാർഗങ്ങൾ കൂടി കണ്ടെത്തേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. സർക്കാർ നിയന്ത്രണത്തിലുള്ള വിതരണകേന്ദ്രങ്ങളെ കൂടി വിപണന സംവിധാനത്തിന്റെ ഭാഗമാക്കുന്നത് വിപണി വികസനത്തിന് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. വിശ്വസനീയവും ഗുണമേന്മയുള്ളതുമായ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മത്സ്യഫെഡിന്, വലിയൊരു ഉപഭോക്തൃ അടിത്തറയുള്ള പോലീസ് കാന്റീനുകളും സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ/മാവേലി സ്റ്റോറുകളും ഫലപ്രദമായ വിതരണ കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് സമിതി കരുതുന്നു. ഇത്തരം വിതരണ സംവിധാനങ്ങൾ വഴി വലിയൊരു ഉപഭോക്തൃ സമൂഹത്തിലേക്ക് നേരിട്ട് എത്തിച്ചേരാൻ കഴിയുന്നതോടെ, ഉൽപ്പന്നങ്ങൾക്ക് തുടർച്ചയായ ആവശ്യവും ഉറപ്പുള്ള വിൽപ്പനയും സൃഷ്ടിക്കാനാകും. കൂടാതെ, പൊതുമേഖല സ്ഥാപനങ്ങളിലെ ഉപഭോക്തൃ സ്റ്റോറുകൾ കൂടി ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നത് ഗുണകരമായിരിക്കും. ഇടനിലക്കാരുടെ പങ്കാളിത്തം കുറയുന്നതോടെ വിപണന ചെലവ് നിയന്ത്രിക്കാനും മത്സ്യഫെഡ് ഉൽപ്പന്നങ്ങൾ ന്യായമായ വിലയിൽ ലഭ്യമാക്കാനും സാധിക്കും. <u>അതിനാൽ, മത്സ്യഫെഡ് ഉൽപ്പന്നങ്ങൾ പോലീസ് കാന്റീനുകൾ, സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ കീഴിലുള്ള സഹകരണ/മാവേലി സ്റ്റോറുകൾ, പൊതുമേഖല സ്ഥാപനങ്ങളിലെ ഉപഭോക്തൃ</u>

<u>സ്റ്റോറുകൾ തുടങ്ങിയവ മുഖേന വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

26. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (NCDC) സാമ്പത്തിക സഹായത്തോടെ മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. നിലവിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തന മൂലധനത്തിനുമായി നൽകുന്ന ഈ വായ്പകൾ സംസ്ഥാന സർക്കാർ മുഖേന മത്സ്യബന്ധന തുറമുഖ വകുപ്പ് വഴിയാണ് മത്സ്യഫെഡിലേക്ക് എത്തുന്നത്. എന്നാൽ, പദ്ധതി തയ്യാറാക്കൽ മുതൽ ഫണ്ട് കൈമാറ്റം വരെയുള്ള വിവിധ ഘട്ടങ്ങളിലെ സങ്കീർണമായ നടപടിക്രമങ്ങൾ വായ്പ ലഭ്യമാക്കുന്നതിൽ വലിയ തോതിലുള്ള കാലതാമസത്തിന് കാരണമാകുന്നുണ്ട്. മത്സ്യബന്ധന സീസണിന് തൊട്ടുമുമ്പുള്ള ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലാണ് വള്ളവും എഞ്ചിനും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങാൻ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം ഏറ്റവും ആവശ്യമായി വരുന്നത്. വായ്പ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം സീസൺ തന്നെ നഷ്ടപ്പെടുത്തുന്നതിനും അതുവഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നതിനും ഇടയാക്കുന്നു. <u>അതിനാൽ എൻ.സി.ഡി.സി. വായ്പകൾ കാലതാമസം കൂടാതെ മത്സ്യഫെഡിന് ലഭിക്കുന്ന തരത്തിൽ നടപടിക്രമങ്ങൾ ലളിതമാക്കാനുള്ള സാധ്യതകൾ പരിശോധിക്കണമെന്നും, വായ്പയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ താമസംവിനാ എൻസി.ഡി.സിയ്ക്ക് സമർപ്പിക്കുന്നതിനും എൻ.സി.ഡി.സി ഫണ്ട് മത്സ്യഫെഡിന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

27. മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും മത്സ്യബന്ധന മേഖലയുടെ സുസ്ഥിരമായ വളർച്ചയും ഉറപ്പാക്കുന്നതിന് ഉപകരണ വായ്പകൾ കൃത്യസമയത്ത് ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മത്സ്യബന്ധന മേഖലയെ സംബന്ധിച്ചിടത്തോളം ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങൾ ഏറ്റവും നിർണ്ണായകമായ സമയമാണ്. പുതിയ

സീസണിന് മുന്നോടിയായി വള്ളങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, പുതിയ യന്ത്രങ്ങളും വലകളും വാങ്ങുന്നതിനും ഈ കാലയളവിൽ വലിയ തോതിലുള്ള സാമ്പത്തിക നിക്ഷേപം ആവശ്യമായി വരുന്നു. എന്നാൽ, വായ്പാ അപേക്ഷകൾ അംഗീകരിക്കുന്നതിനും ഫണ്ടുകൾ കൈമാറുന്നതിനും ഇടയിലുള്ള വിവിധ ഘട്ടങ്ങളിലുണ്ടാകുന്ന കാലതാമസം മത്സ്യത്തൊഴിലാളികൾക്ക് പ്രതികൂലമായി ഭവിക്കുന്നുണ്ട്. നിലവിലെ സാഹചര്യത്തിൽ, സർക്കാർ തലത്തിലുള്ള പദ്ധതി പരിശോധനകളും ഫണ്ട് വിതരണത്തിനായുള്ള ഭരണപരമായ നടപടിക്രമങ്ങളും പൂർത്തിയാകാൻ വലിയ കാലതാമസം നേരിടുന്നു. കൃത്യസമയത്ത് സാമ്പത്തിക സഹായം ലഭിക്കാത്ത സാഹചര്യത്തിൽ, തൊഴിലാളികൾ ഉയർന്ന പലിശയ്ക്ക് സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു. ഇത് മത്സ്യത്തൊഴിലാളികളെ വലിയ കടക്കെണിയിലേക്കും സാമ്പത്തിക തകർച്ച യിലേക്കും നയിക്കുന്നു. എൻ.സി.ഡി.സി. പോലുള്ള ദേശീയ ഏജൻസികളിൽ നിന്നുള്ള വായ്പകൾ മത്സ്യഫെഡിൽ എത്തുമ്പോൾ ഉണ്ടാകുന്ന ഭരണപരമായ കാലതാമസം ഈ മേഖലയിലെ പ്രവർത്തനങ്ങളെ പലപ്പോഴും മന്ദീഭവിപ്പിക്കാറുണ്ട്. അതിനാൽ, മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും തൊഴിലാളികളുടെ സാമ്പത്തിക സുരക്ഷിതത്വത്തിനും ഒരു സ്ഥിരം നിധി അഥവാ 'റിവോൾവിംഗ് ഫണ്ട്' (Revolving Fund) രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിത മാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരം ഒരു ഫണ്ട് നിലവിൽ വരുന്നത് വഴി കേന്ദ്ര ഏജൻസികളിൽ നിന്നുള്ള ഫണ്ടുകൾ ലഭിക്കാൻ വൈകുന്ന സാഹചര്യത്തിലും തടസ്സമില്ലാതെ വായ്പകൾ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. <u>അതിനാൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും കടക്കെണിയിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനുമായി മത്സ്യഫെഡിന് ഒരു റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

28. എൻ.സി.ഡി.സി-യിൽ നിന്നുള്ള മത്സ്യബന്ധന ഉപകരണ വായ്പകൾക്ക് കേന്ദ്ര സർക്കാർ 15 ശതമാനവും സംസ്ഥാന സർക്കാർ 10 ശതമാനവും സബ്സിഡി നൽകി വന്നിരുന്ന രീതിയിൽ 2018-19 സാമ്പത്തിക വർഷം മുതൽ മാറ്റം വരികയുണ്ടായി. സംസ്ഥാന സർക്കാർ നൽകിയിരുന്ന 10 ശതമാനം സബ്സിഡി പിൻവലിക്കുകയും

പകരം അത് പലിശ സബ്സിഡിയായി നൽകാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017-18 മുതൽ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി ആനുകൂല്യം ലഭിച്ചു വന്നിരുന്നുവെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ ഈ ആനുകൂല്യം ലഭ്യമായില്ല എന്നത് സമിതി വളരെ ഗൗരവത്തോടെ വീക്ഷിക്കുന്നു. കൂടാതെ, 2024-25 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിക്കേണ്ട 6 കോടി 13 ലക്ഷം രൂപയിൽ ചെറിയ ശതമാനം തുക മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പരമ്പരാഗത മത്സ്യബന്ധന മേഖലയെ ഇടത്തട്ടുകാരുടെ സാമ്പത്തിക ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും, മത്സ്യത്തൊഴിലാളികളെ സഹകരണ സംവിധാനത്തിനുള്ളിൽ നിലനിർത്തുന്നതിനുമായി, മത്സ്യബന്ധന ഉപകരണ വായ്പകൾക്കായി സഹകരണ സംഘങ്ങൾക്ക് സർക്കാർ 12% ഓഹരി മൂലധനം അനുവദിച്ചിരുന്ന നടപടി മേഖലയെ സംബന്ധിച്ച് അത്യന്തം ആശ്വാസകരമായിരുന്നു. എന്നാൽ നിലവിൽ മത്സ്യത്തൊഴിലാളി വായ്പകളിലെ പലിശ സബ്സിഡിയും സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി മൂലധനവും സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യം സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിനെയും മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സുരക്ഷയെയും നേരിട്ട് ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. അതിനാൽ, <u>മത്സ്യത്തൊഴിലാളി വായ്പകൾക്ക് അനുവദിച്ചിരുന്ന പലിശ സബ്സിഡി പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കുടിശ്ശികയായി ലഭിക്കാനുള്ള പലിശ സബ്സിഡി തുകകൾ അടിയന്തിരമായി അനുവദിക്കുന്നതിനും, സഹകരണ സംഘങ്ങൾക്കായി നിലവിലുണ്ടായിരുന്ന 12% സർക്കാർ ഓഹരി മൂലധനം നിലനിർത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

29. പാരമ്പര്യ മത്സ്യമേഖലയിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുകയും മത്സ്യത്തൊഴിലാളികളുടെ വരുമാനവും സാമ്പത്തിക സുരക്ഷയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന മത്സ്യഫെഡിന്റെ പ്രധാന പദ്ധതികളിലൊന്നാണ് ഉല്പാദന ബോണസ് പദ്ധതി. മത്സ്യത്തൊഴിലാളികളെ സഹകരണ സംഘങ്ങളുടെ കീഴിൽ ഏകോപിപ്പിക്കുകയും അവരിൽ സമ്പാദ്യശീലം വളർത്തുകയും ചെയ്യുന്ന ഈ പദ്ധതിയുടെ ഭാഗമായി,

മത്സ്യലേലത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾ ലേലത്തുകയുടെ കുറഞ്ഞത് 1% സമ്പാദ്യമായി നിലനിർത്തുകയും സർക്കാർ വിഹിതമായി നിലവിൽ 0.5% ചേർത്ത് ബോണസായി നൽകുകയും ചെയ്യുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ തൊഴിലാളികൾക്ക് ഈ ചെറിയ സമ്പാദ്യം പോലും വലിയ ആശ്വാസമായി മാറുന്നുവെന്നത് ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാനും അവർക്ക് തങ്ങളുടെ അധ്വാനത്തിന് അർഹമായ പ്രതിഫലം ഉറപ്പാക്കാനും ഈ ബോണസ് പദ്ധതി ഏറെ സഹായകമാണ്. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ പദ്ധതിയിലേക്കുള്ള സർക്കാർ വിഹിതം ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ വിഹിതം കൃത്യമായി ലഭിക്കുമ്പോൾ കൂടുതൽ മത്സ്യത്തൊഴിലാളികൾ സഹകരണ സംഘങ്ങളുമായി സഹകരിക്കാൻ തയ്യാറാകുകയും അത് സഹകരണ മേഖലയുടെ കരുത്ത് വർധിപ്പിക്കുകയും ചെയ്യും. പ്രകൃതിക്ഷോഭങ്ങളും ഇന്ധനവിലയിലുണ്ടായ അമിതമായ വർധനവും കാരണം ജീവിതം വഴിമുട്ടി നിൽക്കുന്ന ഈ വിഭാഗത്തിന് സർക്കാർ വിഹിതം പുനഃരാരംഭിച്ച് നൽകുന്നത് വലിയ ആശ്വാസമാകുമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയും മത്സ്യബന്ധന മേഖലയുടെ പുരോഗതി ലക്ഷ്യം വെച്ചും ഉല്പാദന ബോണസ് പദ്ധതിയിൽ സർക്കാരിന്റെ വിഹിതം പുനഃരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. കേരളത്തിന്റെ തീരദേശ സമ്പദ്‌വ്യവസ്ഥയുടെയും സാമൂഹിക ഘടനയുടെയും നട്ടെല്ലായി വർത്തിക്കുന്നവരാണ് വനിതാ മത്സ്യത്തൊഴിലാളികൾ. പുരുഷന്മാർ കടലിൽ പോയി മത്സ്യം ശേഖരിക്കുമ്പോൾ, അത് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിലും അനുബന്ധ വ്യവസായങ്ങൾ നിലനിർത്തുന്നതിലും സ്ത്രീകൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. എന്നാൽ, കഠിനമായ അധ്വാനത്തിന് ആനുപാതികമായ പ്രതിഫലമോ കൃത്യമായ സാമ്പത്തിക സുരക്ഷിതത്വമോ ഇന്നും ഈ വിഭാഗത്തിന് പൂർണ്ണമായി ലഭ്യമാകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ പശ്ചാത്തലത്തിൽ, വനിതാ മത്സ്യത്തൊഴിലാളികളുടെ സമഗ്ര പുരോഗതിയും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് മത്സ്യഫെഡ് നൂതന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. വനിതകൾക്കായി പ്രത്യേക സംരംഭകത്വ വികസന പദ്ധതികൾ രൂപപ്പെടുത്തി മൈക്രോ

ഫിനാൻസ് സൗകര്യങ്ങൾ, സബ്സിഡി അടിസ്ഥാനമാക്കിയ പ്രവർത്തന മൂലധനം, ലളിതമായ വായ്പ വ്യവസ്ഥ, ഉപകരണ സബ്സിഡി എന്നിവ ഉറപ്പാക്കുന്നതിലൂടെ കൂടുതൽ സ്ത്രീകളെ മത്സ്യവിപണനം, മൂല്യവർദ്ധിത ഉല്പന്നനിർമ്മാണം, ഫുഡ് പ്രോസസ്സിംഗ് മേഖലകളിലേക്ക് ആകർഷിക്കാൻ കഴിയും. ആധുനിക മത്സ്യസംരക്ഷണ സാങ്കേതികവിദ്യകൾ, അച്ചാർ, ഉണക്കമീൻ തുടങ്ങിയ ഉല്പന്നങ്ങളുടെ നിർമ്മാണം, ബ്രാൻഡിംഗ് എന്നിവയിൽ ശാസ്ത്രീയ പരിശീലനം നൽകുകയും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നേരിട്ടുള്ള വിപണനവും വിതരണവും സാധ്യമാക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുന്നതിലൂടെ മൂല്യവർധിത ഉല്പന്നങ്ങളുടെ നിർമാണത്തിൽ വനിതകളെ സജീവമാക്കുന്നതിന് മത്സ്യഫെഡിനു കഴിയും. അതിനാൽ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകണം ലക്ഷ്യമിട്ട് പ്രത്യേക സംരംഭത്വ വികസന പദ്ധതികൾ മത്സ്യഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. കേരളത്തിലെ സ്ത്രീശാക്തീകരണ പ്രസ്ഥാനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളും വനിതാ സ്വയംസഹായ സംഘങ്ങളും (SHGs) ഇന്ന് ഉല്പാദന-വിതരണ മേഖലകളിൽ നിർണ്ണായകമായ സ്വാധീനമാണ് ചെലുത്തുന്നത്. ഈ സംഘടിത ശക്തിയെ കേരളത്തിലെ മത്സ്യവിപണന മേഖലയുമായി ഫലപ്രദമായി സംയോജിപ്പിക്കുന്നത് സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുന്നതിനും അത്യന്താപേക്ഷിതമാണ്. പ്രാദേശിക തലത്തിൽ ശക്തമായ അടിത്തറയുള്ള ഇത്തരം വനിതാ കൂട്ടായ്മകൾക്ക് മത്സ്യവിപണന രംഗത്ത് വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ആയതിനാൽ, മത്സ്യഫെഡിന്റെയും കുടുംബശ്രീ മിഷന്റെയും സംയുക്ത സഹകരണത്തോടെ കുടുംബശ്രീ യൂണിറ്റുകൾ / വനിതാ SHG കൾ എന്നിവർക്ക് മത്സ്യവിപണന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ മത്സ്യഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക വെല്ലുവിളികളിലൊന്ന് മണ്ണെണ്ണയുടെ വിലവർദ്ധനവാണ്. നിലവിൽ മത്സ്യഫെഡ് മുഖേന വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുവെങ്കിലും, അതിന്റെ സബ്സിഡി തുക കൈമാറുന്ന

നിലവിലെ രീതി ഗുണഭോക്താക്കൾക്ക് കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ സംവിധാനമനുസരിച്ച്, മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ വാങ്ങുന്ന സമയത്ത് വിപണി വിലയ്ക്കനുസരിച്ചുള്ള മുഴുവൻ തുകയും നൽകേണ്ടതും പിന്നീട് സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി തുക ട്രഷറി വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തു വരുന്നത്. പലപ്പോഴും ട്രഷറി നടപടിക്രമങ്ങളിലെ കാലതാമസമോ ഫണ്ടിന്റെ ലഭ്യതക്കുറവോ കാരണം സബ്സിഡി തുക അക്കൗണ്ടിലെത്താൻ മാസങ്ങളോളം കാത്തിരിക്കേണ്ടതായും വരുന്നു. ഇതിന്റെ ഫലമായി, മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ വാങ്ങുന്നതിനായി ഉയർന്ന പലിശനിരക്കിൽ കടം എടുക്കേണ്ടി വരുന്നതും, ആനുകൂല്യം ലഭിക്കുമ്പോഴേക്കും അതിന്റെ വലിയൊരു ഭാഗം പലിശയിനത്തിൽ ചെലവാകുന്നതും സർക്കാർ നൽകുന്ന സബ്സിഡിയുടെ യഥാർത്ഥ ഗുണം തൊഴിലാളികൾക്ക് ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നു. മണ്ണെണ്ണ വിതരണ കേന്ദ്രങ്ങളിൽ വെച്ച് തന്നെ ഗുണഭോക്താവിന് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയാൽ, അവർക്ക് വലിയൊരു തുക മുൻകൂട്ടി കണ്ടെത്തേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഇതോടൊപ്പം, സബ്സിഡി തുക നേരിട്ട് മത്സ്യഫെഡിന് കൈമാറുന്ന രീതിയിലേക്ക് സർക്കാർ മാറുകയാണെങ്കിൽ, സബ്സിഡി വിതരണം കൂടുതൽ കാര്യക്ഷമവും സമയ ബന്ധിതവുമാകുമെന്നും സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ, മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും സാമ്പത്തിക ഭദ്രതയും മുൻനിർത്തി, മണ്ണെണ്ണ വാങ്ങുന്ന ഘട്ടത്തിൽ തന്നെ സ്പോട്ട് സബ്സിഡി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.</u>

33. പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ കലരാത്തതുമായ മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യഫെഡ് ആവിഷ്കരിച്ച ശ്രദ്ധേയമായ പദ്ധതിയാണ് 'അന്തിപ്പച്ച'. പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മൊബൈൽ യൂണിറ്റുകൾ വഴി ശുദ്ധവും വിഷരഹിതവുമായ മത്സ്യം ഉപഭോക്താക്കളുടെ വീടുകൾക്ക് സമീപം തന്നെ ലഭ്യമാകുന്നുവെന്നത് ഈ പദ്ധതിയുടെ പ്രധാന സവിശേഷതയായി സമിതി വിലയിരുത്തുന്നു. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളിൽ നിന്ന്

നേരിട്ട് ശേഖരിക്കുന്ന മത്സ്യം ഇടനിലക്കാരില്ലാതെ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനാൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ഗുണമേന്മയുള്ള മത്സ്യവും ലഭ്യമാക്കാനും പദ്ധതി സഹായിക്കുന്നു. മത്സ്യത്തിന് പുറമെ മത്സ്യഫെഡിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങളായ അച്ചാറുകൾ, കറിക്കൂട്ടുകൾ തുടങ്ങിയവയും മൊബൈൽ അന്തിപ്പച്ച യൂണിറ്റുകൾ വഴി ലഭ്യമാകുന്നുണ്ട്. അന്തിപ്പച്ച യൂണിറ്റുകൾക്ക് ആവശ്യമായ അത്യാധുനിക ഇൻസുലേറ്റഡ് വാഹനങ്ങൾ വാങ്ങുന്നതിനായി എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ ചില എം.എൽ.എമാർ ഇതിനകം തന്നെ ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും, മറ്റ് ചിലർ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. . നിലവിൽ സംസ്ഥാനത്ത് 11 അന്തിപ്പച്ച യൂണിറ്റുകൾ മാത്രമാണ് സജീവമായി പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു മൊബൈൽ അന്തിപ്പച്ച യൂണിറ്റെങ്കിലും ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ബന്ധപ്പെട്ട എം.എൽ.എമാരുടെ സഹകരണത്തോടെ അന്തിപ്പച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിന് മത്സ്യഫെഡ് ആവശ്യമായ ഏകോപന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പൊതുജനോപകാരപ്രദവും മത്സ്യത്തൊഴിലാളി സൗഹൃദവുമായ ഈ പദ്ധതിയിൽ എല്ലാ നിയമസഭാ സാമാജികരും സജീവമായി പങ്കാളികളാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

34. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷയും തൊഴിൽ കാര്യക്ഷമതയും വർധിപ്പിക്കുന്നതിനായി മത്സ്യഫെഡ് നടപ്പിലാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് മോട്ടോറൈസേഷൻ സബ്സിഡി പദ്ധതി. മത്സ്യബന്ധന യാനങ്ങളിൽ ഔട്ട്ബോർഡ് മോട്ടോറുകൾ (OBM) ഘടിപ്പിക്കുന്നതിനും കാലഹരണപ്പെട്ടതോ പ്രവർത്തനക്ഷമത നഷ്ടപ്പെട്ടതോ ആയ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നത്.

പരമ്പരാഗത മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ശാരീരിക ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും കടലിൽ ചെലവഴിക്കുന്ന സമയം ചുരുക്കി കൂടുതൽ സുരക്ഷിതവും കാര്യക്ഷമവുമായ മത്സ്യബന്ധനം സാധ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു. നിലവിൽ 10 HP-ൽ താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾക്ക് ഏകദേശം 30,000 രൂപ വരെ സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഓരോ വർഷങ്ങളിലും 1 കോടി രൂപ വീതം ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നുവെങ്കിലും, മത്സ്യഫെഡിന് ലഭ്യമായത് ഓരോ വർഷവും 24.40 ലക്ഷം രൂപ മാത്രമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആവശ്യത്തിന് ധനലഭ്യത ഇല്ലാത്തതിനെ തുടർന്ന് അർഹരായ നിരവധി മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി സബ്സിഡി അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന സ്പോട്ട് സബ്സിഡി സംവിധാനത്തിൽ നിന്ന് ഡി.ബി.ടി (Direct benefit transfer) രീതിയിലേക്ക് മാറിയതോടെ, വലിയ തോതിൽ വായ്പയെടുത്ത് എഞ്ചിനുകൾ വാങ്ങിയ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി തുക വൈകി ലഭിക്കുന്നതു മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവരുന്നുണ്ട്. അതിനാൽ, നിലവിലെ സാഹചര്യം ഗൗരവമായി പരിഗണിച്ച് മോട്ടോറൈസേഷൻ സബ്സിഡി പദ്ധതിക്കായി ബജറ്റിൽ അനുവദിച്ച മുഴുവൻ തുകയും മത്സ്യഫെഡിന് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അർഹരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സബ്സിഡിയുടെ പൂർണ്ണമായ വിതരണം ഉറപ്പാക്കുന്നതിനും സർക്കാർ തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. വിവരസാങ്കേതികവിദ്യയുടെ പിന്തുണയോടെ ഗുണനിലവാരമുള്ള ശുദ്ധമായ മത്സ്യങ്ങൾ സമയ പരിധിക്ക് വിധേയമാകാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി മത്സ്യഫെഡ് ആവിഷ്കരിച്ച പദ്ധതിയാണ് 'Freshmeen' മൊബൈൽ ആപ്പ്. മായമില്ലാത്തതും ഫ്രഷ് ആയതുമായ മത്സ്യം ന്യായവിലയ്ക്ക് സാധാരണക്കാരുടെ വീട്ടുമുറ്റത്ത് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ടി സേവനം നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് ലഭ്യമാകുന്നതെന്ന് സമിതിമനസ്സിലാക്കുന്നു.

സംസ്ഥാനത്തിന്റെ തീരദേശ, ഗ്രാമീണ, നഗര മേഖലകളിലായി താമസിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും മായമില്ലാത്തതും ഗുണമേന്മയുള്ളതുമായ മത്സ്യം ന്യായവിലയ്ക്ക് സമയബന്ധിതമായി വീട്ടുമുറ്റത്ത് ലഭ്യമാക്കുന്നതിന്, ഈ സേവനം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ കൂടുതൽ പ്രദേശങ്ങളിലേക്ക് 'Freshmeen' മൊബൈൽ ആപ്പിന്റെ സേവനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

36. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സുരക്ഷയും സാമൂഹിക ക്ഷേമവും ഉറപ്പാക്കുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നത്. എന്നാൽ സമീപകാലത്ത് ഈ സഹകരണ സംഘങ്ങളിൽ ചിലയിടങ്ങളിൽ ഉണ്ടായിട്ടുള്ള ഭരണവീഴ്ചയും സാമ്പത്തിക ക്രമക്കേടുകളും സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയെ തകർക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. അംഗങ്ങളുടെ നിക്ഷേപങ്ങളും സർക്കാർ ധനസഹായവും ഉൾപ്പെടെയുള്ള പൊതു വിഭവങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളായതിനാൽ, ഇത്തരം ക്രമക്കേടുകൾ മത്സ്യത്തൊഴിലാളികളുടെ ജീവിതോപാധിയെയും സഹകരണ മേഖലയുടെ ദീർഘകാല സുസ്ഥിരതയെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ ഫലപ്രദമായി തടയുന്നതിനും ഭരണ-സാമ്പത്തിക കാര്യങ്ങളിൽ പരമാവധി സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും മത്സ്യഫെഡ് തലത്തിൽ സമഗ്രവും ശക്തവുമായ ഇടപെടലുകൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. മത്സ്യഫെഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും സാമ്പത്തികവും ഭണപരവുമായ ക്രമക്കേടുകൾ തടയുന്നതിനായി മത്സ്യഫെഡിന്റെ നിലവിലുള്ള ഇന്റേണൽ ഓഡിറ്റ് സംവിധാനത്തെ ശാക്തീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. കൊല്ലം ജില്ലയിലെ കൈറ്റോസാൻ പ്ലാന്റ് മത്സ്യമേഖലയിലെ മൂല്യവർദ്ധനയ്ക്കും ചെമ്മീൻ, ഞണ്ട് തുടങ്ങിയ കടൽജൈവ മാലിന്യങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും വലിയ സാധ്യതകൾ ഉള്ള ഒരു സംരംഭമാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ നിലവിൽ ഉപയോഗിക്കുന്ന പഴയകാല സാങ്കേതികവിദ്യകളും പരിമിതമായ അടിസ്ഥാന സൗകര്യങ്ങളും കാരണം പ്ലാന്റിന് അതിന്റെ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കാനോ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൈറ്റോസാൻ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനോ കഴിയുന്നില്ല. നീണ്ടകര, ശക്തികുളങ്ങര തുടങ്ങിയ വൻകിട ഫിഷിംഗ് ഹാർബറുകൾ സ്ഥിതിചെയ്യുന്ന കൊല്ലം ജില്ലയിൽ പ്രതിദിനം ടൺകണക്കിന് ചെമ്മീൻ, ഞണ്ട് തുടങ്ങിയവയുടെ പുറന്തോടുകൾ അവശിഷ്ടങ്ങളായി പുറത്താകുന്നുണ്ട്. നിലവിൽ ഇവയുടെ ശാസ്ത്രീയ സംസ്കരണം സാധ്യമാകാത്തതിനാൽ പരിസ്ഥിതിക്ക് ഗുരുതരമായ വെല്ലുവിളികൾ ഉയരുന്ന സാഹചര്യം നിലനിൽക്കുന്നു. ഈ പശ്ചാത്തലത്തിൽ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും ഗുണനിലവാരം ഉറപ്പാക്കാനും കൈറ്റോസാൻ പ്ലാന്റിന്റെ നവീകരണം അനിവാര്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. സർക്കാർ ധനസഹായം ലഭ്യമല്ലാത്തതിനാൽ പ്ലാന്റിന്റെ സമഗ്രനവീകരണ പ്രവർത്തനങ്ങൾ നിലവിൽ നടപ്പിലാക്കാൻ കഴിയുന്നില്ലെന്നും, മത്സ്യഫെഡ് തനതുഫണ്ടുകൾ വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ചെറിയതോതിൽ വിപുലീകരിച്ച് നഷ്ടം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ മാത്രമാണ് നടത്തിവരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. <u>മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ കൈറ്റോസാൻ പ്ലാന്റിനെ ആധുനികവൽക്കരിക്കുന്നതിന് ആവശ്യമായ ധനസഹായം സർക്കാർ തലത്തിൽ അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

38. മത്സ്യത്തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കുന്നതിൽ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി മത്സ്യഫെഡ് വഹിക്കുന്ന പങ്ക് വിലമതിക്കാനാവാത്തതാണെങ്കിലും മാറിക്കൊണ്ടിരിക്കുന്ന ആഗോള വിപണിസാഹചര്യങ്ങളും കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളും കണക്കിലെടുക്കുമ്പോൾ, നിലവിലെ പ്രവർത്തനശൈലിയിൽ കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം, ഭരണനിർവ്വഹണത്തിലെ പൂർണ്ണമായ

സുതാര്യത, വിപണന മേഖലയിലെ വൈവിധ്യവൽക്കരണം എന്നിവയിലൂടെ മാത്രമേ മത്സ്യഫെഡിന് അതിന്റെ പ്രസക്തി നിലനിർത്താൻ സാധിക്കൂ. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തിയും ആധുനികവത്കരിച്ചും മുന്നോട്ട് കൊണ്ടുപോകുന്നതിലൂടെ മത്സ്യമേഖലയെ സ്വയംപര്യാപ്തവും സാമ്പത്തികമായി സ്ഥിരതയുള്ളതുമായ മേഖലയാക്കി മാറ്റാൻ മത്സ്യഫെഡിന് കഴിയും. സമിതി മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് വഴി മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും, കേരളത്തിന്റെ തീരദേശ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ കരുത്തുറ്റതാക്കാനും സാധിക്കുമെന്ന് സമിതി വിശ്വസിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, മാറ്റങ്ങളോട് പൊരുത്തപ്പെടുന്ന ഒരു നവീകരിച്ച പ്രവർത്തന മാതൃകയിലൂടെ മത്സ്യഫെഡ് ഭാവിയിലും കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ സ്ഥിരതയുള്ള വികസനത്തിന് നിർണായക പങ്ക് വഹിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 3

പി. പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.